>> കവർസ്റ്റോറി

• സുകുമാർ അഴീക്കോട്





**മാറാട് ഇസ്‌ലാമിന്റെയും മുസ്‌ലിംകളുടെയും പ്രശ്നമാണെന്ന് വാദിക്കുന്നവരുണ്ടാകാം. മാറാട് കോഴിക്കോട്ടെ ഒരു പ്രദേശമാണ്. അവിടെ എല്ലാ മനുഷ്യരും ഒന്നിച്ചു കഴിയുന്നുണ്ട്. അതുകൊണ്ട് മാറാട് പ്രശ്നം കേരളത്തിന്റെ പ്രശ്നമാണ്, കേരളത്തിലെ വിവിധ സമൂഹങ്ങളുടെയും മതവിഭാഗങ്ങളുടെയും പ്രശ്നമാണ്. ഇത് എല്ലാവരും ഒന്നിച്ചു പരിഹരിക്കേണ്ടതാണ്. അതുകൊണ്ട്, മാറാടിനെക്കുറിച്ചുള്ള അഭിപ്രായങ്ങൾ മുസ്‌ലിംകളുടെ അഭിപ്രായമല്ല, കേരളീയന്റെ അഭിപ്രായമാണ്.**

# നീതി കണ്ണടക്കുന്നു

**മാറാട്** 'മാറാത്തത്' എന്ന വാക്കിന്റെ പര്യായമായിത്തീർന്നതുപോലെയുണ്ട്. ഏറെ വർഷങ്ങളായിട്ടും മാറാടിന്റെ ദുഃഖം വർധിക്കുകയല്ലാതെ കുറയുന്നത് കാണുന്നില്ല. ഒരു പ്രശ്നം പരിഹരിക്കാൻ വേണ്ടി നാം ശ്രമിക്കുമ്പോൾ അതിന്റെ തുടർച്ചയെന്നോണം മറ്റനേകം പ്രശ്നങ്ങൾ വന്നുചേരുകയാണ്. കേരളത്തിലും ഇന്ത്യയിലൊട്ടാകെയും നാം കാണുന്നത് പ്രശ്നങ്ങളുടെ ഒരു കലാപമാണ്. പ്രശ്ന പരിഹാരത്തിൽ നമുക്ക് പ്രാഗത്ഭ്യമില്ല.

മാറാട് കേസുമായി ബന്ധപ്പെട്ട് കുറേപേരെ അറസ്റ്റുചെയ്തു. കുറേയാളുകൾക്കെതിരെ കേസ് ചാർജ് ചെയ്തു. ഇത് ഒരു പക്ഷേ ആവശ്യമായേക്കാം. എന്നാൽ അതിനെത്തുടർന്ന് ഈ കേസുമായി സ്വപ്നേപി ബന്ധമില്ലാത്ത ആളുകളെ കൂട്ടമായി പ്രതിസ്ഥാനത്ത് ചേർത്തിട്ടുണ്ടെങ്കിൽ അത് നിയമത്തിന്റെ കാര്യമായൊരു വ്യതിചലനമാണ്. മാറാട്ടെ പ്രതികളെ അറസ്റ്റുചെയ്യുകയും അവരെ ശിക്ഷിക്കാനുള്ള നടപടികൾ തുടരുകയും ചെയ്യേണ്ടത് നീതി നിർവഹണത്തിന് അനുപേക്ഷണീയമാണ്. എന്നാൽ, പ്രതികളല്ലാത്തവരെ പ്രതികളാക്കി പ്രതികളുടെ പേരിലുള്ളതു പോലെത്തന്നെ കർക്കശമായ സ്വഭാവം അവരോട് കാണിക്കുന്നത് തെറ്റാണ്. മാറാട് പ്രശ്നം മാത്രമല്ല ഇപ്പോഴുള്ളത്, അതോടു ചേർന്ന് നമ്മൾ ഉണ്ടാക്കിയ തെറ്റുകളുടെ പരമ്പര കൂടിയുണ്ട്. നാം രോഗ ചികിത്സ നടത്താറുണ്ട്. 'രോഗം മാറി' എന്നു പറഞ്ഞാൽ രണ്ടർഥമുണ്ട്. രോഗം ഇല്ലാതായി എന്നാണൊരർഥം. രണ്ടാമത്തേത് ഇപ്പോഴുള്ള രോഗം മറ്റൊന്നായിമാറി എന്നാണ്. മാറാട് പ്രശ്നത്തിൽ രണ്ടാമത്തെ അർഥമാണ് പ്രസക്തമായിട്ടുള്ളത്.

രമ്യമായി കഴിയുന്ന സമുദായങ്ങളെ ചോര കാണിച്ച് അകറ്റുന്നതും അവരെ ശത്രുക്കളാക്കി മാറ്റുന്നതും, ബുദ്ധിമുട്ടി നേടിയെടുത്ത സ്വാതന്ത്ര്യത്തിന്റെ നിറംകെടുത്തലാണ്. ഇന്ത്യയുടെ സ്വാതന്ത്ര്യ സമരം ഒരു ഗാനമാണെങ്കിൽ അതിന്റെ മധുരമായ പല്ലവിയാണ് സമുദായ സൗഹാർദം. അതുകൊണ്ട് നമ്മുടെ ഏതു പ്രവർത്തനവും സ്വാതന്ത്ര്യം അനുഭവിക്കാനുള്ള സാഹചര്യത്തിന്റെ നിർമാണത്തിനുതകുന്നതാകണം.

മാറാട് ഇസ്‌ലാമിന്റെയും മുസ്‌ലിംകളുടെയും പ്രശ്നമാണെന്ന് വാദിക്കുന്നവരുണ്ടാകാം. മാറാട് കോഴിക്കോട്ടെ ഒരു പ്രദേശമാണ്. അവിടെ എല്ലാ മനുഷ്യരും ഒന്നിച്ചു കഴിയുന്നുണ്ട്. അതുകൊണ്ട് മാറാട് പ്രശ്നം കേരളത്തിന്റെ പ്രശ്നമാണ്, കേരളത്തിലെ വിവിധ സമൂഹങ്ങളുടെയും മതവിഭാഗങ്ങളുടെയും പ്രശ്നമാണ്. ഇത് എല്ലാവരും ഒന്നിച്ചു പരിഹരിക്കേണ്ടതാണ്. അതുകൊണ്ട്, മാറാടിനെക്കുറിച്ചുള്ള അഭിപ്രായങ്ങൾ മുസ്‌ലിംകളുടെ അഭിപ്രായമല്ല, കേരളീയന്റെ അഭിപ്രായമാണ്. ഓരോരുത്തർക്കും ഓരോ മതവിശ്വാസമുണ്ടാകാം. പക്ഷേ ഈ വിഷയം ഏറ്റെടുക്കേണ്ടത് കേരളീയന്റെ പ്രശ്നമായിട്ടാണ്. ഇതൊരു പൊതുചർച്ചയാണ്, പൊതുവാർത്തയാണ്. സമുദായ പത്രങ്ങളിൽ മാത്രം ഇത് അച്ചടിച്ചാൽ പോരാ.

സംസ്കൃതത്തിൽ 'അന്തർവിദ്രധി' എന്നൊരു പ്രയോഗമുണ്ട്. ഉള്ളിൽ പഴുത്തിട്ട് പൊട്ടാറായ സ്ഥിതി. കേരളത്തിൽ ഇതേ അവസ്ഥയാണുള്ളത്. പുറമേക്ക് നന്നായി ചുവന്ന്, തടിച്ചു കാണാം. ഇത് ആരോഗ്യമാണെന്ന് കുട്ടികൾ തെറ്റുധരിക്കും. പക്ഷേ, അത് മാംസം അഴുകി പൊട്ടിപോകുന്നതിന്റെ തുടക്കമാണ്. അങ്ങനെ നമ്മുടെ നാടിന്റെ പലഭാഗവും പഴുത്തിരിക്കുകയാണ്. മാറാട് പഴുത്തിട്ട് ഒരു ഓപ്പറേഷൻ കഴിഞ്ഞിരിക്കുന്നു.

പക്ഷേ, അതിന്റെ അടുത്ത ജീവകണികകളൊക്കെ പഴുത്തു കൊണ്ടിരിക്കുകയാണ്. തലശ്ശേരിയിലും കൊടുങ്ങല്ലൂരിലും മറ്റും പഴുത്തിട്ട് ബാന്റേജിട്ടിരിക്കുന്നു. കേരളത്തെയാകെ വീക്ഷിച്ചാൽ, കണ്ണും മൂക്കും ഒഴികെയുള്ളതെല്ലാം ബാന്റേജിട്ട ഒരു ബീഭത്സരൂപമാണിന്ന്. ശരീരത്തിൽ ഒരു നൂറ് ബാന്റേജിട്ട മനുഷ്യനെ പോലെയുണ്ട് കേരളം. ആ മുറിവെല്ലാം ഉണക്കി, ബാന്റേജഴിച്ചാൽ ലോക സൗന്ദര്യമത്സരത്തിൽ കേരളത്തെ അയക്കാവുന്നതാണ്. അത്രക്കു സൗന്ദര്യമുള്ള ഒരു നാടിനെ ബാന്റേജുകൾ കൊണ്ട് വികൃതമാക്കുന്ന ആയുധ പ്രയോഗത്തിന്റെയും പരസ്പര വിദ്വേഷത്തിന്റെയും അന്തരീക്ഷം സൃഷ്ടിക്കുകയും ചെയ്യുന്നത് ബുദ്ധിശൂന്യതയാണ്.

ദൈവത്തിന്റെ സൃഷ്ടികളായ ഏകോദരസഹോദരന്മാരായി മനുഷ്യർ ജീവിക്കുമ്പോൾ, അവരിലൊരാളോട് നീ സഹോദരനല്ല എന്നു പറയുന്നത് ദൈവിക നീതിയുടെ ലംഘനവും മനുഷ്യന്റെ കോമൺസെൻസിന്റെ നിഷേധവുമാണ്.

മാറാട്ട് നീതിനിഷേധം പരിഹരിക്കാനുള്ള ശ്രമത്തിൽ എല്ലാ കേരളീയരും പങ്കാളികളാകണം. ഫുട്ബോൾ കളി പോലെ 22 പേർ പന്തിനു പിന്നാലെ ഓടുകയും ബാക്കിയുള്ളവർ പുറത്തിരുന്ന് ആർത്തുവിളിക്കുകയും ചെയ്യേണ്ട ഒരു കളിയല്ല ഇത്. സമസ്ത ജനങ്ങളുമേറ്റെടുക്കേണ്ടതാണിത്.

മാറാടിന്റെ ദുരവസ്ഥ നമ്മുടെ രാജ്യത്ത് നന്മയുടെ പ്രത്യുത്ഥാനത്തിന്റെ ഹേതുവായി രൂപാന്തരപ്പെടണം. പാൽക്കടൽ കടഞ്ഞ് വിഷം കിട്ടിയാലും, അത് ലോകത്തിന് കൊടുക്കില്ല, അത് ഞാൻ സഹിക്കും– ഇതാണ് ശിവനെ പറ്റി പറഞ്ഞിട്ടുള്ളത്. അപ്രകാരം രാഷ്ട്രീയ നേതാക്കൾ, മാറാടിന്റെ വിഷം ജനങ്ങളിലെത്തുന്നത് തടയുകയും ജനങ്ങളെ അമൃതം കഴിക്കുന്നവരാക്കി മാറ്റുകയും ചെയ്യണം. സ്വാതന്ത്ര്യത്തിന്റെ അറുപതാണ്ടായിട്ടും നമുക്കൊന്നും നേടാനായിട്ടില്ല. നമുക്ക് ജയിക്കാനായിട്ടില്ല. ഇന്ത്യ ജയിക്കുന്നത് ധോണിയും ടെണ്ടുൽക്കറും കളിക്കുന്ന ആസ്ത്രേലിയൻ ക്രിക്കറ്റ് ഗ്രൗണ്ടിലാണ്. ഇന്ത്യയിൽ, നമ്മുടെ ജീവിതത്തിൽ നാം പരാജയപ്പെടുകയാണ്.

നീതി ചിലപ്പോൾ കണ്ണടക്കുന്നതാണ് നാം കാണുന്നത്. നമ്മുടെ കോടതികൾ ഉറക്കം തൂങ്ങുകയാണ്. കശ്മീരിലും മറ്റും 35 വർഷമായി ആളുകൾ ജയിലിൽ കിടക്കുകയാണ്. പോലീസിന്റെ കണ്ണും ചെവിയും ഇല്ലാത്ത പരക്കം പാച്ചിലിന്റെ അത്യാഹിതങ്ങളാണ് ഗവൺമെന്റുകൾക്ക് പോലും ചീത്തപ്പേരുണ്ടാക്കുന്നത്. 78 വയസ്സുള്ളവരൊക്കെയാണ് മാറാട് കേസിലകപ്പെട്ട് ജയിലിൽ കഴിയുന്നത്. അയാളുടെ കൈയിൽ ഒരു പേനാകത്തി കൊടുത്താൽ സ്വന്തം നഖം മുറിക്കാൻ പോലും കഴിയില്ല. അയാളെയാണ് കൊലപാതകം നടത്തി എന്നുപറഞ്ഞ് ജയിലിലിട്ടിരിക്കുന്നത്. അല്ലയോ നീതിപീഠങ്ങളേ, നിങ്ങൾ പാവങ്ങളുടെ ദുഃഖത്തിന്റെ നേരെ കണ്ണടക്കരുത്. അത് ഈശ്വരൻ പോലും പൊറുക്കാത്ത ഭീകരതയായിരിക്കും. അഞ്ചാറുവർഷമായി ഇതു തുടരുകയാണ്.

മഅ്ദനി മറ്റൊരു ഉദാഹരണമാണ്. അദ്ദേഹം പുറത്തുവന്നിട്ട് വല്ല അഗ്നിപർവതവും ഇവിടെ പൊട്ടിയോ? സങ്കൽപത്തിന്റെ അടിസ്ഥാനത്തിൽ വ്യക്തികളുടെ ജീവിതം നശിപ്പിക്കുകയും നീതി പരിരക്ഷിക്കപ്പെടുന്നുവെന്ന് വെറുതെ അഭിനയിക്കുകയും ചെയ്യുന്നത് അവസാനിപ്പിക്കണം. ശ്രീരാമന്റെയും സീതയുടെയും ചരിത്രമറിയാം നമുക്ക്. സീത അനാവശ്യമായി കാട്ടിലേക്കയക്കപ്പെടുന്നു. സ്വന്തം ഭർത്താവ് നീതിയുടെ ഒരു അപഭ്രംശം നടത്തി. അതാണ് മഹാകവി കുമാരനാശാന്റെ 'ചിന്താവിഷ്ടയായ സീത' എന്ന കവിതയുടെ പ്രചോദനം. അതിൽ സീതയുടെ ഒരു ചോദ്യമുണ്ട്. അതിന് ശ്രീരാമന് ഉത്തരം പറയാൻ കഴിഞ്ഞില്ല. ശ്രീരാമ ഭക്തന്മാർക്കും ഇതുവരെ കഴിഞ്ഞില്ല. ഇനി വരാനിരിക്കുന്ന യുഗങ്ങളിലും കഴിയില്ല. സീത പറഞ്ഞു: 'അപകൻമഷ ശിക്ഷയേറ്റു ഞാൻ' – നിരപരാധിയായ ഞാൻ ശിക്ഷിക്കപ്പെടുക. ഈ പാപം ആരനുഭവിക്കും? സ്വന്തം ഭർത്താവായ ശ്രീരാമനെതിരായ ചിന്തയാണിത്.

ഇത്ര വിശുദ്ധമായ നിയമത്തിന്റെ പ്രയോഗത്തെ പണ്ടു പണ്ടേ അംഗീകരിച്ച ഈ രാജ്യത്ത് അഞ്ചാറു വർഷങ്ങളായി നീതി നിഷേധിക്കപ്പെടുന്ന ഒരു വിഭാഗത്തിനു നേരെ ദയാർദ്രമായ കണ്ണുകൾ തുറക്കാൻ നീതിപീഠങ്ങൾക്കു സാധിക്കട്ടെ. ■